പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4089 12.12.2018 ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ സപ്ലൈകോ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ സപ്ലൈകോ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇവയുടെ ശരാശരി വാർഷിക വിറ്റുവരവിന്റെ കണക്ക് ലഭ്യമാക്കുമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവിടത്തെ മാവേലി സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള ഭക്ഷ്യ ധാന്യങ്ങൾ എല്ലായ്പ്പോഴും ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | അവശ്യസാധനങ്ങൾ എല്ലാ ദിവസവും ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | മാവേലി സ്റ്റോറുകളിൽ ഞായറാഴ്ചകളിലും അംഗീകരിച്ചിട്ടുള്ള പൊതു അവധികളിലും ചില പ്രാദേശിക അവധികളിലും ഒഴികെയുള്ള എല്ലാ പ്രവൃത്തി ദിനങ്ങളിലും അവശ്യസാധനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ആവശ്യത്തിന് സ്റ്റോക്ക് എത്തിച്ച് ലഭ്യത ഉറപ്പാക്കുന്നുണ്ട്. |
| (ഡി) | കുലശേഖരപുരം, തഴവാ ഗ്രാമ പഞ്ചായത്തുകളിൽ ഓരോ സൂപ്പർ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | കുലശേഖരപുരം പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആയതിനാൽ ആജീവനാന്ത വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറിനും മറ്റ് അനുബന്ധ സാമഗ്രികൾ ക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് സാദ്ധ്യതാ പഠനത്തിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലും, ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. തഴവ ഗ്രാമപഞ്ചായത്തിലും മേൽ നിബന്ധനകൾ പാലിച്ച് പുതിയ വിൽപ്പന ശാല ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | വിൽപ്പനശാലകൾ | വാർഷിക വിറ്റുവരവ് |
|---|---|---|
| 1. | ആലപ്പാട് മാവേലി സ്റ്റോർ | ` 87,55,734.48 |
| 2. | ആലുംപീടിക മാവേലി സ്റ്റോർ | ` 88,04,042.16 |
| 3. | ആന്തർക്കാവ് മാവേലി സ്റ്റോർ | ` 86,10,780.84 |
| 4. | എ.വി.എച്ച്.എസ്. മാവേലി സ്റ്റോർ, തഴവ | ` 1,00,60,353.36 |
| 5. | മൈനാകപ്പള്ളി മാവേലി സ്റ്റോർ | ` 1,36,31,313.12 |
| 6. | സംഘപ്പുര മാവേലി സ്റ്റോർ | ` 92,02,163.76 |
| 7. | ശ്രായിക്കാട് മാവേലി സ്റ്റോർ | ` 86,57,096.16 |
| 8. | തൊടിയൂർ മാവേലി സ്റ്റോർ | ` 91,62,101.64 |
| 9. | വള്ളിക്കാവ് സൂപ്പർ മാർക്കറ്റ് | ` 2,16,27,181.20 |
| 10. | മണപ്പള്ളി സൂപ്പർ മാർക്കറ്റ് | ` 2,51,19,963.60 |
| 11. | ഓച്ചിറ സൂപ്പർ മാർക്കറ്റ് | ` 4,84,73,526.36 |
| 12. | ഹൈപ്പർ മാർക്കറ്റ് കരുനാഗപ്പള്ളി | ` 7,19,52,948.00 |
| 13. | മാവേലി മെഡിക്കൽ സ്റ്റോർ കരുനാഗപ്പള്ളി | ` 2,00,00,247.48 |
| 14. | എൽ.പി.ജി.ഔട്ട് ലെറ്റ് കരുനാഗപ്പള്ളി | ` 19,43,18,893.68 |